## പതിമൂന്നാം കേരള നിയമസഭ
### പന്ത്രണ്ടാം സമ്മേളനം

15.12.2014 - ൽ
മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3821

# പോലീസ് സേനയിൽ ഡ്രൈവർ തസ്തികയിൽ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന പോലീസ് സേനയിൽ ബോട്ടും ടൂവീലറുകളുമൊഴികെ ആകെ എത്ര വാഹനങ്ങളാണ് ഇപ്പോൾ ഉള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാന പോലീസ് സേനയിൽ ബോട്ടും ടൂവീലറുകളുമൊഴികെ 3945 വിവിധ തരം വാഹനങ്ങൾ ഉണ്ട്. |
| (ബി) സംസ്ഥാന പോലീസ് സേനയിൽ ഡ്യൂട്ടി പ്രകാരം ആകെ എത്ര ഡ്രൈവർമാരെ ആവശ്യമുണ്ടെന്ന് വ്യക്തമാക്കുമോ ;<br><br>(സി) സംസ്ഥാന പോലീസ് വകുപ്പിലെ വാഹനങ്ങൾക്ക് ആനുപാതികമായി ഡ്രൈവർ തസ്തികകൾ സൃഷ്ടിച്ചും നിലവിലുള്ള ഒഴിവുകളിലും അടിയന്തിരമായി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (ബി) യും (സി) യും സംസ്ഥാന പോലീസ് സേനയിൽ ആകെ 2585 ഡ്രൈവർമാരുടെ തസ്തികകളാണ് നിലവിലുള്ളത്. ഇതിൽ നിലവിലുള്ള 380 ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി യിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്നതിനനുസരിച്ച് ഒഴിവുകൾ നികത്തിയതിന് ശേഷം മാത്രമേ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുവാൻ നിർവ്വാഹമുള്ളൂ. |

സെക്ഷൻ ഓഫീസർ